**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/02/2026

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി : 25-03-2026**

| | | |
|---|---|---|
| <u>പരാതിക്കാരൻ</u> | : | ശ്രീ.ഷംസുദ്ദീൻ കൂലാത്ത്<br>കൂലാത്ത് ഹൌസ്, ചെമ്മാട്<br>തിരൂരങ്ങാടി, മലപ്പുറം ജില്ല - **676306** |
| <u>എതിർകക്ഷികൾ</u> | : | **1.** ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ<br>ഇലക്ട്രിക്കൽ സർക്കിൾ<br>കെ.എസ്.ഇ.ബി.എൽ, തിരൂർ<br>മലപ്പുറം ജില്ല<br>**2.** അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ,<br>കെ.എസ്.ഇ.ബി.എൽ<br>തിരൂരങ്ങാടി, മലപ്പുറം ജില്ല<br>**3.** അസിസ്റ്റന്റ് എഞ്ചിനീയർ,<br>ഇലക്ട്രിക്കൽ സെക്ഷൻ<br>കെ.എസ്.ഇ.ബി.എൽ<br>തിരൂരങ്ങാടി, മലപ്പുറം ജില്ല |

# ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരനായ ശ്രീ. ഷംസുദ്ദീൻ, തിരൂരങ്ങാടിയിൽ **'YARA HYPER'** എന്ന പേരിൽ ഒരു സൂപ്പർ മാർക്കറ്റ് നടത്തിവരുന്നു. തിരൂരങ്ങാടി മുനിസിപ്പാലിറ്റി **41/633 A** നമ്പരിട്ടിട്ടുള്ള പ്രസ്തുത കെട്ടിടത്തിൽ **Consumer no.1165783031060** ആയി എടുത്തിട്ടുള്ള **three phase LT** കണക്ഷൻ **30/10/2013** ൽ എടുത്തിട്ടുള്ളതാണ്. ആദ്യം കെട്ടിടനിർമ്മാണത്തിന് **9.47 KW** ൽ **LT 6 F** ൽ എടുത്തിരുന്ന കണക്ഷൻ പിന്നീട് **2016** ൽ അത് **Connected load 87 KW** ഉള്ള **LT VII A** താരിഫിലേയ്ക്ക്

മാറ്റുകയുണ്ടായി. ഉപഭോഗം കണക്കാക്കുന്നതിന് വേണ്ടിയുള്ള മീറ്ററിൽ **150/5A current ratio** ഉള്ള **CT** ആണ് ഉപയോഗിച്ചിരുന്നത്. റീഡിംഗിന്റെ ഗുണിതം **30** നു പകരം **20** എന്ന് തെറ്റായി രേഖപ്പെടുത്തിയാണ് കറന്റ് ചാർജ് ഈടാക്കിയിരുന്നത്. ഈ തെറ്റ് **29/01/2022** ൽ നടത്തിയ പരിശോധനയിൽ കണ്ടെത്തുകയും അങ്ങനെ **40,19,051** രൂപയുടെ **short assessment** ബിൽ നൽകുകയും ചെയ്തിരുന്നു. പരാതിക്കാരൻ ഇത് **CGRF** ലും അനന്തരം **Electricity Ombudsman** സമക്ഷത്തിലും ചോദ്യം ചെയ്യുകയുണ്ടായി. മുഴുവൻ തുകയും അടയ്ക്കേണ്ടതാണെന്ന വിധിയ്ക്കെതിരെ ബഹു.കേരള ഹൈക്കോടതിയിൽ പരാതി **WP(C)/3381/2023** സമർപ്പിക്കുകയും അതിൽ **21/01/2026** ൽ ഉത്തരവിറങ്ങുകയും ചെയ്തു. പരാതിക്കാരൻ തന്റെ സർവീസ് കണക്ഷൻ **HT** യിലേയ്ക്ക് മാറ്റുന്നതിനു വേണ്ടി അപേക്ഷ സമർപ്പിച്ചെങ്കിലും കുടിശ്ശിക അടച്ചു തീർക്കാനുള്ളതിനാൽ അപേക്ഷ പരിഗണിച്ചിട്ടില്ല. ഇതിനെതിരെ **CGRF** ൽ പരാതി സമർപ്പിച്ചെങ്കിലും ഹൈക്കോടതിയിൽ കേസ് നിലനില്ക്കുന്നതിനാൽ പരാതി തള്ളുകയുണ്ടായി. അതിനെതിരെയുള്ള അപ്പീലായാണ് ഈ കേസ് ഓംബുഡ്സ്മാൻ സമക്ഷം സമർപ്പിച്ചിരിക്കുന്നത്.

## പരാതിക്കാരന്റെ വാദം

ഞാൻ ഷംസുദ്ധീൻ കുളത്ത്, കുളത്ത് ഹൗസ് തിരൂരങ്ങാടി പി.ഒ വയസ്സ് **50** ബോധിപ്പിക്കുന്നത്. എന്റെ ഉടമസ്ഥതയിൽ തിരൂരങ്ങാടി മുൻസിപ്പാലിറ്റിയിൽ **41/663A** എന്ന ബിൽഡിംഗ് നമ്പറിൽ പ്രവർത്തിച്ചു വരുന്ന യാറ ഹൈപ്പർ എന്ന സ്ഥാപനത്തിൽ നിലവിൽ **LT** കണക്ഷൻ ഉണ്ട്. സ്ഥാപനത്തിന്റെ വർദ്ധിച്ചു വരുന്ന ഡിമാന്റ് അനുസരിച്ച് അടിയന്തിരമായി പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് വേണ്ടി **130KVA** കോൺട്രാക്ട് ഡിമാന്റ് പ്രകാരം **HT** കണക്ഷൻ ലഭിക്കുന്നതിന് തിരുരങ്ങാടി സെക്ഷനിൽ **25.08.25** ന് അപേക്ഷ നൽകി. അതോടൊപ്പം **10,000** രൂപ എസ്റ്റിമേറ്റ് തുക അഡ്വാൻസായി സെക്ഷൻ ഓഫീസിൽ അടയ്ക്കുകയും ചെയ്തു. എന്നാൽ അവിടെ നിന്നും ഞങ്ങൾക്ക് അനുകൂലമായ മറുപടി ലഭിക്കാത്തതുകൊണ്ട് **30-10-2025** ന് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്കു അപേക്ഷ നൽകി.

ഞങ്ങളുടെ സ്ഥാപനത്തിൽ നിന്ന് **40,19,051** രൂപയുടെ കുടിശ്ശിക അടയ്ക്കാൻ ഉള്ളത് കൊണ്ട് അതു പൂർണ്ണമായും അടച്ചു തീർത്താൽ മാത്രമേ അപേക്ഷ പരിഗണിക്കുകയുള്ളു എന്ന് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ മറുപടി നൽകി അല്ലാത്ത പക്ഷം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പ്രസ്തുത കുടിശ്ശികയുമായി ബന്ധപ്പെട്ട് നിലവിലുള്ള **WP(C)No.3381/2023** കേസിന്റെ അന്തിമവിധി വരെ കാത്തിരിക്കണം എന്ന് അറിയിച്ചു.

ബഹുമാനപ്പെട്ട ഹൈക്കോടതി തീർപ്പുകൽപ്പിക്കുന്നതിനനുസരിച്ച് പ്രവർത്തിക്കാം എന്ന ഉറപ്പിൽ മേൽ ഞങ്ങളുടെ സ്ഥാപനത്തിന്റെ ദിനം പ്രതിഉള്ള ആവശ്യത്തിന് അനുസരിച്ച് **HT** കണക്ഷൻവഴി വൈദ്യുതി നൽകുന്നതിന് ആവശ്യമായ ഉത്തരവു നൽകണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ബഹുമാനപ്പെട്ട സി.ജി.ആർ.എഫ് കോഴിക്കോട് സമക്ഷം **03-01-2026**ൽ അപേക്ഷ നൽകി. അതിനു മറുപടിയായി **WP(C)No.3381/2023** എന്ന കേസിന്റെ അന്നേ ദിവസത്തെ **Status** അറിയിക്കണം എന്ന് ആവശ്യപ്പെട്ടു കൊണ്ട് **05.01.2026** ൽ ഞങ്ങൾക്ക് കത്ത് നൽകി പ്രസ്തുത കേസിന്റെ **Status** ഞങ്ങൾ **12.01.26** ന് ബഹുമാനപ്പെട്ട സി.ജി.ആർ.എഫ് മുൻപാകെ സമർപ്പിച്ചു. അതനുസരിച്ച് ബഹുമാനപ്പെട്ട കോടതി അടുത്ത ഹിയറിംഗ് **20.1.2026** ന് നടത്താനാണ് നിശ്ചയിച്ചിട്ടുള്ളത്.

ഒരു ഹിയറിംഗിന് പോലും അവസരം തരാതെ **"The Case is under the active consideration of any judicial/appelate forum"** എന്ന പരാമർശത്തോടെ ഞങ്ങളുടെ അപേക്ഷ നിരസിക്കുകയാണ് ചെയ്തത്. **"Kerala State Electricity Regulatory Commission (Consumer Grievance Redressal Forum and Electricity Ombudsman) Regulations 2023** സെക്ഷൻ **19(6)** ഇപ്രകാരം ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. **"The Complainant, distribution licence or any other person who is a party to any proceedings before the forum may either appear in person or authorise any person to present his case before the forum and to do all or any of the act for the purpose"**

ഇതനുസരിച്ച് നിർബന്ധമായും ഹിയറിംഗ് നടത്തി ഞങ്ങളുടെ ഭാഗം വിശദമായി കേൾക്കണം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ബഹുമാനപ്പെട്ട സി.ജി.ആർ.എഫ് ഞങ്ങൾക്ക് അതിനുള്ള അവസരം നൽകിയില്ല എന്നു മാത്രമല്ല ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള **WP(c) 3381/23** നമ്പർ കേസ് ആക്ടീവ് അല്ല എന്ന തെറ്റായ നിഗമനത്തിൽ എത്തി ഞങ്ങളുടെ പരാതി നിരസിക്കുകയാണ് ചെയ്തത്.

കോടതി വിധി അനുസരിച്ചു പ്രവർത്തിക്കാം എന്ന ഉറപ്പിൻ മേൽ ഞങ്ങളുടെ സ്ഥാപനം നടത്തി കൊണ്ടു പോകുന്നതിനു വേണ്ടി ഞങ്ങൾക്കു ആവശ്യമായ വൈദ്യുതി **HT** കണക്ഷൻ വഴി നൽകാൻ ഉത്തരവ് ഉണ്ടാകണം എന്ന് അപേക്ഷിക്കുന്നു. ഞങ്ങളുടെ സ്ഥാപത്തിന് ആവശ്യമായ വൈദ്യുതി **HT** കണക്ഷൻ വഴി നൽകുന്നതിനുവേണ്ട ഉത്തരവ് നൽകണം. മേൽ പറഞ്ഞ കാര്യങ്ങൾ എല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണ് എന്ന് ബോധിപ്പിക്കുന്നു.

## എതിർകക്ഷിയുടെ വാദം

Sri Shamsudheen, S/o Moitheenkutty, Koolath House, Tirurangadi (PO) has an LT three-phase electricity connection in the building bearing No. 41/663 A of Tirurangadi Municipality, where the establishment named "Yaara Hyper" is functioning. The LT three-phase electricity connection bearing Consumer No. 1165783031060 is under Tariff VII A. The date of connection was on 30.10.2013 under Tariff 6F with a registered load of 9,476 KW for construction purposes. Subsequently, in 2016 the connected load was enhanced to 87 KW and the premises has been functioning as a hypermarket under Tariff VII A tariff. As the connected load was enhanced to 87 KW, a new meter was installed in the metering circuit with a 150/5 A ratio, 100 VA capacity Current Transformer (CT), and the load and tariff were regularized on 06.02.2016 after the installation of the said meter. For a CT with a ratio of 150/5 A, the applicable multiplication factor (MF) of the meter is 30. But, instead of, the multiplication factor of 30 was erroneously recorded as 20, and billing had been done accordingly.

During the CT meter inspection conducted by the Assistant Engineer on 29.01.2022, this error was detected. Accordingly, as per Regulation 134(1) of the Supply Code a short assessment was issued to the complainant. After adjusting the amounts already paid by the consumer, the balance amount legally due was demanded without levying any surcharge or penalty from the petitioner. Without remitting the short assessment amount, the consumer filed a complaint before the Honourable CGRF (North) as OP 48/22-23. On 29.09.2022, the CGRF (North) ordered that all surcharges beyond 30 days from the date of demand be waived and directed issuance of a revised short assessment excluding all types of surcharges.

Against the order of CGRF (North), the complainant filed Appeal No. P 084/2022 before the Honourable State Electricity Ombudsman, who, on 30.12.2022, disposed of the complaint by upholding the CGRF order. Aggrieved by the order of the Honourable State Electricity Ombudsman, the complainant filed WP(C) No. 3381/2023 before the Honourable High Court of Kerala. Due to the incorrect recording of the multiplication factor at the time of conversion to CT metering, the short assessment amount of Rs. 40,19,051/- issued in accordance with the Supply Code and the judgments of the Honourable Supreme Court remains outstanding. While this amount, which has been confirmed by both the CGRF (North) and the Honourable State Electricity Ombudsman, remains unpaid the complainant has requested a High Tension (HT) connection in the same premises.

Without settling the said arrears, and while the writ petition filed before the Honourable High Court against the licensee is pending, the complainant submitted an application on 25.08.2025 for HT connection in the same premises. For availing HT connection with a contract demand of 130 KVA, the complainant submitted applications on 25.08.2025 before the Tirurangadi Section and on 30 10.2025 before the Deputy Chief Engineer, Electrical Circle, Tirur. As part of the follow-up action, legal opinion was sought on 10.11.2025 from the Legal Advisor and Disciplinary Enquiry Officer (LA & DEO) of KSEBL. As per the advice of the Legal Advisor and Disciplinary Enquiry Officer dated 12.12.2025, it was

informed to the complainant from the office of the Deputy Chief Engineer, Tirur, that either the outstanding amount under the existing LT three-phase connection should be cleared, or the authorities would await the final judgment in WP(C) No. 3381/2023 filed before the Honourable High Court.

KSEBL is ready to provide HT service connection to the complainant on satisfying the above conditions. Besides, the existing LT service connection will be dismantled by removing the meter and service wire, and the HT service will be provided to the same premises. The new service will be registered upon submission of fresh application, payment of application fees, submission of completion report, and execution of agreement. The Deputy Chief Engineer is the competent authority to execute the agreement. However, as per Clause 40 (5th Amendment. 2024) of the Kerala Electricity Supply Code, it is not permissible to dismantle the existing LT service connection while retaining arrears of Rs. 40,19,051/- and grant a new HT service connection.

As per judgment the dated 18.02.2020 and 05.10.2021 of the Hon'ble Supreme Court of India in CA No.1672/2020 and CA No.7235/2009 respectively, in case of short assessment on anomaly attributable to licensee, limitation period is not limited to two years but for the whole period. In view of the facts, the Hon'ble Ombudsman may be pleased to dismiss the appeal with cost.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം **10/03/2026**-ന് രാവിലെ **11:00**-ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഓഫീസിൽ വെച്ച് നടന്നു. പരാതിക്കാരനെ പ്രതിനിധീകരിച്ച് ശ്രീ.ജയകുമാർ.സി.കെ എതിർകക്ഷി ശ്രീ.രാജേഷ് മോൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, തിരൂരങ്ങാടി, മലപ്പുറം, ശ്രീ.മൊയ്‌ദീൻ കോയ, അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, തിരൂരങ്ങാടി, മലപ്പുറം എന്നിവർ പങ്കെടുത്തു.

പരാതിക്കാരനായ ശ്രീ.ഷംസുദ്ദീൻ ലൈസൻസിയായ **KSEBL** ന്റെ തിരൂരങ്ങാടി സെക്ഷൻ പരിധിയിൽ വരുന്ന ഒരു ഉപഭോക്താവാണ്. തിരൂരങ്ങാടിയിൽ സ്ഥിതിചെയ്യുന്ന '**YARA HYPER**' എന്ന സൂപ്പർ മാർക്കറ്റിന്റെ പ്രവർത്തനത്തിനുവേണ്ടിയാണ് കണക്ടഡ് ലോഡ് **87 kVA** ആയി **LT 3 phase** കണക്ഷൻ **LT 7 A** താരിഫിൽ ലഭ്യമാക്കിയിരിക്കുന്നത്. **150/5** എന്ന അനുപാതം ഉള്ള **CT** ആണ് ഉപയോഗിച്ചിരുന്നതെങ്കിലും **MF** ആയി **30** നു പകരം **20** എന്ന് തെറ്റായി രേഖപ്പെടുത്തുകയും അതിൻ പ്രകാരം വൈദ്യുതി ബിൽ നൽകി കറന്റ് ചാർജ് ഈടാക്കിയും വന്നിരുന്നു. എന്നാൽ **29/01/2022** ൽ നടത്തിയ പരിശോധനയിൽ ആ തെറ്റ് കണ്ടുപിടിക്കുകയും അങ്ങനെ **40,19,051/-** രൂപയുടെ **short assessment** ബിൽ നല്കുകയും ചെയ്തിരുന്നു. **02/2016** മുതൽ **01/2022** വരെയുള്ള **6** വർഷത്തെ കാലയളവിൽ വ്യത്യാസം വന്നത് കണക്കാക്കിയാണ്

പ്രസ്തുത ബിൽ നല്കിയത്. ഈ അധിക ബില്ലിനെ ചോദ്യം ചെയ്ത് പരാതിക്കാരൻ **CGRF** ൽ **OP/48/22-23** ആയും അതിന്റെ അപ്പീൽ **Electricity Ombudsman** സമക്ഷം **P/084/2022** ആയും സമർപ്പിക്കുകയുണ്ടായി. **Short assessment** തുക പൂർണ്ണമായും അടയ്ക്കാൻ പരാതിക്കാരൻ ബാധ്യസ്ഥനാണെന്ന ഓംബുഡ്സ്മാന്റെ വിധിയെ ചോദ്യം ചെയ്തുകൊണ്ട് പരാതിക്കാരൻ ബഹു. കേരള ഹൈക്കോടതിയെ സമീപിച്ചു. **WP(C)/3381/2023** ആയി ഫയലിൽ സ്വീകരിച്ച ആ പരാതി ഹൈക്കോടതി കേൾക്കുകയും ഉത്തരവ് **21/01/2026** ൽ പുറപ്പെടുവിക്കുകയും ചെയ്തു.

സൂപ്പർമാർക്കറ്റിന്റെ പ്രവർത്തനത്തിന് വൈദ്യുതി കൂടുതൽ ആവശ്യമായി വന്നതിനാൽ **connected load 130 kVA** യിലേയ്ക്ക് ഉയർത്തി **HT** കണക്ഷനായി മാറ്റാനുള്ള അപേക്ഷ **25/08/2025** ന് എതിർകക്ഷിയ്ക്ക് നൽകിയെങ്കിലും നടപടിയൊന്നും എടുക്കുകയുണ്ടായില്ല. കുടിശ്ശിക അടയ്ക്കാനുള്ളതിനാലും ആ കുടിശ്ശികയുടെ തീരുമാനത്തിന് ഹൈക്കോടതിയിൽ കേസ് നിലനില്ക്കുന്നതിനാലും അനന്തര നടപടികൾ എടുക്കാൻ കഴിഞ്ഞില്ല എന്നാണ് എതിർകക്ഷി വിശദീകരിച്ചിരിക്കുന്നത്. നിലവിലുള്ള കുടിശ്ശിക അടച്ചുതീർക്കുകയോ അല്ലെങ്കിൽ കോടതിയുടെ ഉത്തരവിറങ്ങി അതുപ്രകാരമുള്ള കുടിശ്ശിക അടച്ചുതീർക്കുകയോ ചെയ്താൽ മാത്രമേ **load enhancement** നല്കാൻ കഴിയൂ എന്നതാണ് ലൈസൻസിയുടെ വാദം. **CGRF** ൽ പരാതി നൽകിയെങ്കിലും കോടതിയിൽ കേസ് നിലനില്ക്കുന്നതിനാൽ പരാതിയിൽ വാദം കേൾക്കുക പോലും ചെയ്യാതെ പരാതി തള്ളി എന്നതാണ് പരാതിക്കാരന്റെ വാദം. അധിക ലോഡ് അംഗീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ **Supply Code 2014** റെഗുലേഷൻ **99** ൽ വിശദമാക്കുന്നു.

***99. Enhancement of connected load or contract demand. -***

> ***(1)*** *Consumer shall apply to the licensee for enhancement of contract demand in case of consumers under demand based tariff and of connected load in the case of others, through online web portal as per the format specified in Annexure - 11 to the Code and the licensee shall process the application form in accordance with the relevant provisions of the Code.*
>
> *Provided that, during the pendency of the application for enhancement of load submitted by a consumer, the consumer shall not be penalized for 'unauthorised additional load', if the consumer has taken due steps such as; remittance of fees/costs as required by the licensee, submission of scheme/energization approval of the installation by the Electrical Inspector etc., to avail power for the additional load and in the cases where regularization is not done due to the delays attributable to the licensee:*
>
> *Provided further that consumers under demand based tariff requiring addition/ modification in connected load without any change in contract demand shall submit an application with the energization approval of the Electrical Inspector/completion*

*certificate issued by the authorized contractor and wireman, as applicable, and the licensee shall update the records accordingly and such load shall deemed to be approved without any further action to be taken by the consumer and sub regulations hereunder shall not be applicable to the said applicant.*

***(2)*** *For site inspection as well as issuance and payment of demand note for the estimated cost of work if any, both the licensee and the applicant shall follow, mutatis mutandis the procedure and timelines as laid down in regulations 77 to 83 of the Code.*

***(3)*** *The licensee shall give a written intimation along with the demand note to the consumer which shall include the following:-*

- ***a)*** *whether the additional power can be supplied at the existing supply voltage or at a higher voltage;*
- ***b)*** *addition or alteration, if any, required to be made to the distribution system and the expenditure to be borne by the consumer, on that account;*
- ***c)*** *amount of additional security deposit and expenditure for alteration of service line and apparatus, if any, to be deposited in advance by the consumer;*
- ***d)*** *change in classification of the consumer and applicability of tariff, if required; and*
- ***e)*** *any other information relevant to the issue.*

***(4)*** *The application for enhancement of connected load in case of connected load based billed consumers and contract demand in case of demand based consumers shall not be considered, if the consumer is in arrears of payment of the dues payable to the licensee:*

*Provided that the disputed amount under the active consideration of any judicial/appellate forum shall not be treated as arrears for the purpose of enhancement/regularization of connected load or contract demand:*

*Provided further that the request of the consumer for regularization of the unauthorised additional load, shall not be rejected, even if the dispute is pending for finalization.*

***(5)*** *If the enhancement of load is feasible, the consumer shall: -*

***(a)*** *pay additional security deposit, expenditure for alteration of service line and apparatus, if any, required to be made, and the cost to be borne by the consumer for modification for distribution system if any, within fifteen days of receipt of the demand note; and*

***(b)*** *execute a supplementary agreement.*

***(6)*** *If the consumer pays the required charges and executes a supplementary agreement, the licensee shall execute the work of modification of the distribution system, service line or meter and other apparatus within the time line specified under regulation 85, mutatis mutandis, and sanction the additional contract demand or connected load.*

***(7)*** *The licensee shall issue order on the application for the enhancement of load within thirty days from the date of its receipt and intimate the applicant whether or not the enhancement of load is sanctioned.*

ഇവിടെ **99(4)** എന്ന ചട്ടത്തിൽ ഉപഭോക്താവ് കുടിശ്ശിക അടയ്ക്കാനുണ്ടെങ്കിൽ അപേക്ഷ പരിഗണിക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിരിക്കുന്നു. അതിനാലാണ് അധിക ലോഡ് അംഗീകരിച്ച് **HT** കണക്ഷൻ നല്കാതിരുന്നത്. ആ നടപടി ശരിവയ്ക്കേണ്ടിയിരിക്കുന്നു.

എന്നാൽ **WP(C)3381/2023** കേസിൽ ബഹു.കേരള ഹൈക്കോടതി അന്തിമ ഉത്തരവ് **21/01/2026** ൽ പുറപ്പെടുവിക്കുകയുണ്ടായി. ആ ഉത്തരവിന്റെ പ്രസക്ത ഭാഗം താഴെ വിവരിക്കും പ്രകാരമാണ്.

*"On going through the third proviso to Regulation 152(3), it is clear that the demand should have been confined to twenty-four months. Accordingly, the impugned orders are quashed to the extent it demanded more than what is contemplated by the aforesaid regulations. Fresh bills limiting it to twenty-four months shall be issued within one month. The petitioner shall pay the amount calculated by the Board in 15 equal monthly installments. Such payment shall begin within one month from the date of receipt of the bill from the Board. Needless to say, while computing the amounts, no interest/surcharge shall be levied, going by Regulation 152 of the Electricity Supply Code. The learned Standing Counsel for the respondent Board submits that the Board has already challenged the vires of Regulation 152, and if they succeed, they may be given the liberty to take appropriate steps, in accordance with law, Liberty is granted, and in that event, the contentions of both sides on all issues are left open."*

ഈ ഉത്തരവിൻ പ്രകാരം അടയ്ക്കാനുള്ള തുക റെഗുലേഷൻ **152(3)** പ്രകാരം **24** മാസത്തേതാക്കി കുറച്ചിരിക്കുന്നു. കൂടാതെ അത് അടയ്ക്കാൻ **15** മാസ തവണകളും അനുവദിച്ചിരിക്കുന്നു. ലൈസൻസി **Electricity Supply Code 2014 regulation 152** കോടതിയിൽ ചോദ്യം ചെയ്തിട്ടുണ്ട് എന്ന് കോടതിയെ അറിയിച്ചെങ്കിലും അതിൽ തീരുമാനമായാൽ അതിനനുസരിച്ച് നടപടിയെടുക്കാൻ ലൈസൻസിയ്ക്ക് സ്വാതന്ത്ര്യം നല്കിയിരിക്കുന്നു. കോടതിവിധി ഒരു മാസത്തിനകം നടപ്പിലാക്കണമെന്നാണ് വിധിയെങ്കിലും ഇതുവരെയും നടപടികൾ എടുത്തതായി കാണുന്നില്ല. ഇതിനെതിരെ കോടതിയിൽ അപ്പീൽ നൽകുമെന്ന് എതിർകക്ഷി അറിയിച്ചെങ്കിലും അത് സമർപ്പിച്ചതായോ **stay order** കിട്ടിയതായോ ഉള്ള രേഖകൾ **20/03/2026** നകം സമർപ്പിക്കാൻ സമയം നല്കിയിരുന്നെങ്കിലും യാതൊന്നും സമർപ്പിച്ചിട്ടില്ല. അതിനാൽ ഹൈക്കോടതി ഉത്തരവ് പ്രാബല്യത്തിൽ ഉള്ളതായി കരുതി ഈ ഉത്തരവിറക്കേണ്ടിയിരിക്കുന്നു. കോടതി ഉത്തരവിൻ പ്രകാരം **24** മാസത്തേയ്ക്ക് വരുന്ന **short assessment** തുക **KSEBL** ന്റെ **statement** പ്രകാരം **02/2020** മുതൽ **01/2022** വരെ **10,34,429.60** രൂപയാണെന്ന് കാണാം. ഇതിനോട് **Electricity duty 10%** കൂടി കണക്കാക്കുമ്പോൾ **11,37,873/-** ആണെന്ന് കാണുന്നു. ഈ തുകയാണ് കോടതിവിധി പ്രകാരം കുടിശ്ശികയുള്ളത്. ഇത് അടച്ചുതീർത്താൽ പരാതിക്കാരന് **enhancement of connected load in HT** സർവീസ് കണക്ഷൻ അംഗീകരിച്ച് നൽകാവുന്നതാണ്. റെഗുലേഷൻ **99(4)** പ്രകാരം കണക്ഷൻ ലഭിക്കുന്നതിന്

കുടിശ്ശിക പൂർണ്ണമായും അടച്ചു തീർക്കേണ്ടതുള്ളതിനാൽ കോടതി വിധി പ്രകാരമുള്ള തവണ വ്യവസ്ഥയിൽ അടച്ചുതീർക്കുകയോ അഥവാ ഒറ്റ തവണയിൽ അടച്ചുതീർത്തു വേഗം കണക്ഷൻ ലഭ്യമാക്കുകയോ ചെയ്യാവുന്നതാണ്.

## തീരുമാനം

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. ബഹു.ഹൈക്കോടതി വിധി പ്രകാരം 24 മാസത്തേയ്ക്കുള്ള **short assessment** തുക പരാതിക്കാരൻ അടച്ചുതീർക്കുന്നതിനനുസരിച്ച് ലൈസൻസി **load enhancement** അംഗീകരിച്ച് **HT Service Connection** ചട്ടങ്ങൾ പാലിച്ചുകൊണ്ട് നല്കേണ്ടതാണ്.
2. **HT Service Connection** നല്കുമ്പോൾ നിലവുള്ള **LT Service Connection** വിഛേദിച്ച് മീറ്ററും മറ്റു സംവിധാനങ്ങളും അഴിച്ചു മാറ്റേണ്ടതുമാണ്.
3. മറ്റു ചെലവുകൾ ഒന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

**P/02/2026/** തീയതി : **25-03-2026**

## അയക്കുന്നത്:

1. ശ്രീ.ശ്രീ.ഷംസുദ്ദീൻ കൂലാത്ത്, കൂലാത്ത് ഹൌസ്, ചെമ്മാട്, തിരൂരങ്ങാടി, മലപ്പുറം ജില്ല - **676306**

2. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ,കെ.എസ്.ഇ.ബി.എൽ, തിരൂർ,മലപ്പുറം ജില്ല

3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, തിരൂരങ്ങാടി, മലപ്പുറം ജില്ല.

4. അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, തിരൂരങ്ങാടി, മലപ്പുറം ജില്ല.

## പകർപ്പ് സമർപ്പിക്കുന്നത്:

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം **-10.**

2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- **4.**

3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, വൈദ്യുതി ഭവനം, ഗാന്ധി റോഡ്, കോഴിക്കോട് - **673011.**